LIBRARY ARCHIVES Kerala Legislative Assembly

തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷനും

53 (5458) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പരമ്പരാഗത തൊഴിലായ തെങ്ങ് കയറ്റത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷനും നടപ്പിലാക്കാനും ജോലിക്കിടയിൽ അപകടത്തിൽപ്പെടുന്ന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുവാനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ;

(ബി) തെങ്ങുകയറ്റത്തൊഴിലാളികളെ വിദഗ്ദ തൊഴിലാളികളായി അംഗീകരിച്ച്, ഈ മേഖലയിൽ മിനിമം കൂലി ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) കേരളത്തിലെ തെങ്ങുകയറ്റത്തൊഴിലാളികൾക്ക് 1991-ലെ കേരള കൈത്തൊഴിലാളി-വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാകാവുന്നതാണ്. ഇവർക്കായി ഒരു ക്ഷേമപദ്ധതി നടപ്പിൽ വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നുമുണ്ട്. പുതുക്കിയ നിരക്കിൽ ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നകാര്യം തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ചുവരികയാണ്.

(ബി) തെങ്ങ് കയറ്റത്തൊഴിലാളികൾക്ക് 10-8-2009-ലെ സ.ഉ (എം എസ്.) 106/09 തൊഴിൽ നമ്പർ ഉത്തരവുപ്രകാരം മിനിമം കൂലി നിശ്ചയിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ക്ഷേമനിധി

54 (5459) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെങ്ങുകയറ്റത്തൊഴിലാളികൾക്ക് പ്രത്യേകം ക്ഷേമനിധി നിലവിലുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഈ വിഭാഗത്തെ മറ്റേതെങ്കിലും ക്ഷേമനിധിയിൽ ഉൾപ്പെടുത്തുമോ ;

(സി) ഈ വിഭാഗം തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ എന്തെല്ലാം സംരക്ഷണ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരളത്തിലെ തെങ്ങുകയറ്റത്തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമനിധി നിലവിലില്ല. എന്നാൽ ഇവർക്ക് 1991-ലെ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാകാവുന്നതാണ്. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലോ കൈത്തൊഴിലാളി ക്ഷേമപദ്ധതിയിലോ ഇവർക്ക് അംഗത്വം സ്വീകരിക്കാവുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മരം കയറ്റ തൊഴിലിനിടയിൽ അപകടം സംഭവിച്ച് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്ന തൊഴിലാളികൾക്ക് 25,000 രൂപയും മരണം സംഭവിക്കുകയാണെങ്കിൽ ആശ്രിതർക്ക് 50,000 രൂപയും എക്സ്ഗ്രേഷ്യാ ധന സഹായമായി നൽകി വരുന്നു.

തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ക്ഷേമനിധിയും ഇൻഷ്വറൻസ് പരിരക്ഷയും

55 (5460) ശ്രീ. കെ. ബി. ഗണേഷ്കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തെങ്ങുകയറ്റത്തൊഴിലാളികളുടെ രൂക്ഷമായ അഭാവം പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) തെങ്ങുകയറ്റത്തൊഴിലാളികൾക്ക് യാതൊരുതരത്തിലുള്ള ആനുകൂല്യങ്ങളും ലഭിക്കാത്തതുമൂലം ഈ തൊഴിൽ ഉപേക്ഷിച്ചുപോകുന്ന സാഹചര്യം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) തെങ്ങുകയറ്റത്തൊഴിലാളികൾ ജോലിയിലേർപ്പെട്ടിരിക്കെ അപകടത്തിൽപ്പെടുമ്പോൾ യാതൊരുവിധ സഹായങ്ങളും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ക്ഷേമനിധി, ഇൻഷ്വറൻസ് പരിരക്ഷ, അപകടത്തിൽപ്പെട്ട് തളർന്നുകിടക്കുന്നവർക്ക് അഞ്ച് ലക്ഷം രൂപ ആനുകൂല്യം എന്നിവ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഈ നടപടികൾ തെങ്ങു കയറ്റ തൊഴിലാളികൾ ഈ രംഗത്ത് തുടരുന്നതിനും അവരുടെ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഉതകുമെന്നു പ്രതീക്ഷിക്കുന്നു.

(ബി) തെങ്ങുകയറ്റത്തൊഴിലാളികൾക്ക് 1991-ലെ കേരള കൈത്തൊഴിലാളി-വിദഗ്ധതൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമായി ചേർന്ന് ആനുകൂല്യങ്ങൾ നേടാവുന്നതാണ്. തെങ്ങുകയറ്റ തൊഴിലിനിടെയുണ്ടാകുന്ന അപകടംമൂലം സ്ഥായിയായ അംഗവൈകല്യമോ മരണമോ സംഭവിച്ചാൽ ധനസഹായം നൽകുന്നതിന് എക്സ്ഗ്രേഷ്യാ ധനസഹായ പദ്ധതി നിലവിലുണ്ട്.

(സി) മരം കയറ്റ തൊഴിലിനിടയിൽ അപകടം സംഭവിച്ച് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്ന തൊഴിലാളികൾക്ക് 25,000 രൂപയും മരണം സംഭവിക്കുകയാണെങ്കിൽ ആശ്രിതർക്ക് 50,000 രൂപയും എക്സ്ഗ്രേഷ്യാ ധനസഹായമായി നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly